# ജാമക്കാരൻ
# JAMAKKARAN

ജാ മ ക്കാ ര ൻ JAMAKKARAN

**VOLUME - 3** **Reg NO.TNBIL/2016/70171** **ISSUE - 7**

**JULY - 2019 TAMIL & MALAYALAM**

**ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=**

**(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).**
**ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15) (ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല – കത്തോലിക്ക വേദപുസ്തകം).**

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com



കർത്താവിൽ പ്രിയരെ,

ഈ മാസികയിലൂടെ വീണ്ടും നിങ്ങളെല്ലാവരേയും സന്ദർശിക്കുവാൻ ദൈവം ചെയ്ത കൃപകൾക്കായി ദൈവത്തെ സ്തുതിക്കുന്നു.

കഴിഞ്ഞ മാസം മുഴുവനും വടക്കേ ഇൻഡ്യയിൽ ദൈവവേലയിൽ ആയിരുന്നു. പ്രത്യേകമായി ജമ്മുകാശ്മീർ സംസ്ഥാനം സന്ദർശിച്ചു. അതിൽ ഉധംപൂർ, രാംനഗർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിച്ചു. എന്റെ പഴയ ആത്മീയസുഹൃത്തായ കാശ്മീർ ഇവാഞ്ചലിസ്റ്റിക് ഫെലോഷിപ്പിന്റെ സ്ഥാപകനായ ഡോ. റവ. പി.എം. തോമസ് അവർകളുടെ 90–ാമത്തെ ജൻമദിന സന്തോഷത്തിൽ പങ്കെടുത്തു. അതോടൊപ്പം സംഘടിപ്പിച്ച യോഗത്തിലും ഞാൻ പ്രസംഗിച്ചു. ഡോ. പി.എം. തോമസ് അവർകളുടെ മിഷനറി പ്രവർത്തനങ്ങളും അദ്ദേഹത്തിന്റെ ജീവിതവും വായനക്കാർ അറിയേണ്ടത് വളരെ ആവശ്യമാണ്. അതിനെക്കുറിച്ച് ഞാൻ ജാമക്കാരനിൽ എഴുതും.

കഴിഞ്ഞ ലക്കം ജാമക്കാരനിൽ (ജൂൺ 2019) ട്രൈബൽ മിഷൻ തുടങ്ങിയ വിവരങ്ങളെക്കുറിച്ചും ട്രൈബൽ മിഷൻ ആശുപത്രിയായ ആനക്കട്ടി

ആശുപത്രിയെ ഞാൻ എങ്ങനെയാണ് ആ സ്ഥലത്തിന് അതിരുകൾ കെട്ടി ആശുപത്രി പണിയുവാൻ കാരണമായിരുന്നത് എന്നുള്ള വിവരങ്ങളേയും അതോടൊപ്പം ഡോ. മുരളീധർ അവർകൾ ഈ ആശുപത്രിക്കുവേണ്ടി ചെയ്ത ത്യാഗങ്ങളെക്കുറിച്ചും എഴുതി. ആശുപത്രിയിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും അവിടത്തെ ജോലിക്കാർക്കും ശമ്പളം കൊടുക്കുവാനുള്ള ബുദ്ധിമുട്ടുകൾ അനുഭവിച്ചുകൊണ്ടിരിക്കുന്നതും ഞാൻ എഴുതി. അത് വായിച്ച പലരും വളരെ ഭാരപ്പെട്ട് മനോവിഷമങ്ങളോടെ എനിക്ക് കത്തെഴുതി.

ചിലർ എനിക്കെഴുതിയ കത്തുകളിൽ സി.എസ്.ഐ, മാർത്തോമ, ലൂഥറൻ തുടങ്ങിയ മെയിൻ ലൈൻ സഭകളിലും എ.ഒ.ജി, ഐ.പി.സി തുടങ്ങിയ സഭകളിലെല്ലാം ആഴ്ചതോറും വരുന്ന കാണിയ്ക്കകൾ ലക്ഷക്കണക്കിനു വരുന്നതായി അറിയുന്നു. ഇവരെല്ലാം ഈ പണത്തെ സൗജന്യചികിത്സ നൽകുന്ന ആശുപത്രികളെ സഹായിക്കുന്നതിൽ വിനിയോഗിക്കുമെങ്കിൽ നിർധനരായ എത്രയോ സാധുക്കൾക്കും ആദിവാസികൾക്കും പ്രയോജനപ്പെടും. അതുവഴിയായി യേശുക്രിസ്തുവിനെ അവർക്ക് പരിചയപ്പെടുത്തുവാനും സാധിക്കും.

ഇന്ന് സി.എസ്.ഐയിൽ ഉള്ള 24 ഡയോസിസുകളിലും പല വർഷങ്ങൾക്കുമുമ്പായി നടത്തിക്കൊണ്ടിരിക്കുന്ന പല ആശുപത്രികളും തുടർന്ന് പ്രവർത്തിക്കുവാൻ കഴിയാതെ അടച്ചുപൂട്ടിക്കൊണ്ടുവരുന്നു. ലൂഥറൻ സഭക്കാർ നടത്തിക്കൊണ്ടിരുന്ന ആശുപത്രികൾക്കും ഇതേഗതി തന്നെ സംഭവിച്ചുകൊണ്ടിരിക്കുന്നു. ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റ് ജോലിക്കാർക്കും കഴിഞ്ഞ മൂന്നുമാസമായിട്ട് ശമ്പളം കൊടുക്കുവാൻ കഴിയാത്ത ആശുപത്രികളെയും ഇപ്പോൾ പ്രവർത്തനരഹിതമാക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്റെ പിന്നിലുള്ള പ്രധാനകാരണം, ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റു ജോലിക്കാർക്കും അവരുടെ വിദ്യാഭ്യാസത്തിന് അനുസരിച്ചുള്ള ശമ്പളം കൊടുക്കുന്നില്ല എന്നതാണ്. ക്രിസ്തീയ ആശുപത്രികൾ ചെയ്യുന്നത് ഒരു സാമൂഹിക പ്രവർത്തനം തന്നെ. ആ ചിന്തയോടെ വരുന്ന ഡോക്ടർമാരും മറ്റുള്ളവരും കുറഞ്ഞ ശമ്പളത്തിൽ സേവന ചിന്തയോടെ പ്രവർത്തിക്കുവാൻ സാധിക്കും.

പുറത്ത് സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർക്ക് ലഭിക്കുന്ന ശമ്പളം വളരെ കൂടുതലാണ്. ആ ഉയർന്ന ശമ്പളം ക്രിസ്തീയസേവന ആശുപത്രിക

ളിലെ ഡോക്ടർമാർക്കും മറ്റും കൊടുക്കാതെ പോയാലും ഡോക്ടർമാരുടേയും മറ്റും പഠനത്തിന് തക്കവണ്ണം ശമ്പളം കൂട്ടിക്കൊടുത്താൽ ക്രിസ്തീയ ഡോക്ടർമാർ മറ്റു സ്വകാര്യ ആശുപത്രികളെ തേടിപോകയില്ല.

ഇന്ന് ക്രിസ്തീയ സഭകളിൽ നന്നായിട്ടുള്ള പള്ളി കെട്ടിടങ്ങളെ തകർത്തും പൊളിച്ചും അത്യാധുനിക രീതിയിൽ മാർബിളുകളും ടൈൽസുകളുമിട്ട് ആഢംബരമാക്കുവാൻ ഈ കാണിക്കകളെ ഉപയോഗിക്കുന്നു. നമ്മുടെ ദൈവം ഇങ്ങനെയുള്ള ആഢംബരമന്ദിരങ്ങളിൽ എന്നെ ആരാധിക്കണം എന്ന് പറയുന്നില്ല, പ്രതീക്ഷിക്കുന്നുമില്ല. നമ്മുടെ പുതിയനിയമ ആരംഭകാല സഭകളുടെ ചരിത്രം പരിശോധിച്ചാൽ ഈ വിവരങ്ങൾ നിങ്ങൾക്ക് അറിയുവാൻ കഴിയും. തമിഴ്നാട്ടിലെ തിരുനെൽവേലിയിലും തൂത്തുക്കുടിയിലെ സി.എസ്.ഐ സഭകളിൽ പള്ളിയുടെ ഗോപുരങ്ങൾക്കും ബെൽടവറുകൾക്കും വളരെയധികം പ്രാധാന്യം കൊടുക്കുന്നു. ഇതിൽ ഒരു മൽസരബുദ്ധിയാണ് കാണിക്കുന്നത്. സഭാകെട്ടിടം വളരെ ചെറുതായിരിക്കും. എന്നാൽ ഗോപുരങ്ങളും ബെൽടവറുകളും തെങ്ങുകളേക്കാൾ ഉയരമുള്ളതായിരിക്കും. അതിനുവേണ്ടി കോടികൾ ചെലവാക്കുന്നതിൽ സഭക്കാർക്ക് അഭിമാനവുമാണ്. ഇതിൽ ഒരു അംശമെങ്കിലും സാധുക്കൾക്കായി സൗജന്യസേവനം ചെയ്യുന്ന ആശുപത്രികൾക്കുനൽകുമെങ്കിൽ അടച്ചുപൂട്ടലിന്റെ അവസ്ഥയിൽ നിന്നും ആശുപത്രികളെ രക്ഷിക്കുവാനും അതിലൂടെ സാധുക്കളെ സംരക്ഷിക്കുവാനും സാധിക്കുമല്ലോ.

ഈ ലക്കം മാസികയിൽ ഡോ. മുരളീധർ ട്രൈബൽ മിഷൻ ആശുപത്രിയിൽ നടന്ന ഒരു സംഭവത്തെ സാക്ഷ്യമായി അറിയിച്ചിരിക്കുന്നു. തീർച്ചയായും അത് വായനക്കാർക്ക് പ്രയോജനപ്പെടും എന്ന് ഞാൻ വിശ്വസിക്കുന്നു.

**ഹൈക്കോടതിയുടെ നല്ല വിധിയും നിർദ്ദേശങ്ങളും**

മൂന്നാഴ്ച മുൻപ് ഒരു കേസിൽ മദ്രാസ് ഹൈക്കോടതി പുറപ്പെടുവിച്ച

വിധിയും നിർദ്ദേശങ്ങളും ആധുനിക ലോകത്തിലെ എല്ലാവർക്കും പ്രയോജനപ്പെടും.

1. തലമുടി ഇഷ്ടംപോലെയൊന്നും ചീകി കൊണ്ടുവരാൻ പാടില്ല.
2. ന്യൂജെൻ രീതിയിൽ തലമുടി ചീകാതെ വരുന്നത് സ്കൂളുകളിൽ അനുവദിക്കുവാൻ പാടില്ല.
3. മുള്ളൻപന്നികളുടെ ശരീരംപോലെയുള്ള ആകൃതിയിൽ മുടി വളർത്തുവാൻ പാടില്ല.
4. സ്കൂൾ/കോളേജ് കുട്ടികൾ താടി വളർത്താതെ ഷേവ് ചെയ്തുവേണം വരേണ്ടത്.
5. ആൺകുട്ടികളോ പെൺകുട്ടികളോ **ജീൻസ്** പാന്റ് ധരിച്ചുകൊണ്ട് സ്കൂളിലോ കോളേജിലോ വരാൻ പാടില്ല.
6. പെൺകുട്ടികൾ ശരീരത്തോട് ഒട്ടിക്കിടക്കുന്ന **"ലെഗ്ഗിൻസ്"** ധരിച്ചുകൊണ്ട് സ്കൂൾ/കോളേജ് എന്നിവിടങ്ങളിൽ വരാൻ പാടില്ല.
7. 2019 ജൂൺ മാസം 3–ാമത്തെ ആഴ്ചയിൽ സേലത്തുള്ള ധനികരുടെ മക്കൾ പഠിക്കുന്ന കോൺവെന്റിൽ 45 കുട്ടികളെ തലമുടി മുറിക്കാത്തതിന്റെ പേരിൽ ഗേറ്റിനു പുറത്താക്കി. ഈ കുട്ടികൾ തങ്ങളുടെ മാതാപിതാക്കളോടൊപ്പം ഈ കോൺവെന്റിന്റെ ഗേറ്റിൽ പ്രതിഷേധം സംഘടിപ്പിച്ചു. ഇത് മനുഷ്യാവകാശധ്വംസനമാണെന്ന് അവർ ആരോപിച്ചു. കോൺവെന്റ് പ്രിൻസിപ്പാൾ അച്ചൻ കോടതി വിധിയെ അവർക്കു കാണിച്ചുകൊടുത്തു. ഇത് ഞങ്ങളുടെ തീരുമാനമല്ല, കോടതി വിധിയാണ്. ഞങ്ങൾ അതിനെ നടപ്പാക്കിയെന്നേയുള്ളൂ എന്ന് പറഞ്ഞു. തുടർന്ന് അവരെല്ലാം പ്രതിഷേധം അവസാനിപ്പിച്ചു ഭവനങ്ങളിലേയ്ക്കു മടങ്ങി. തലമുടിവെട്ടി വൃത്തിയാക്കുന്നതിനുവേണ്ടി കുട്ടികൾക്ക് ഒരു ദിവസത്തെ അവധിയും അവർ നൽകി. എല്ലാ കുട്ടികളും ബാർബർ ഷോപ്പുകൾ തേടിപ്പോയത് ദൃശ്യമാധ്യമങ്ങൾ ആഘോഷിച്ചു.



Leggins

ബൈബിൾ വചനം പറയുന്നത് വായിക്കുക. വെളി:16:15,1 തിമൊ:2:1,2. ഞാൻ എവിടെപോയി പ്രസംഗിച്ചാലും മനുഷ്യരുടെ വസ്ത്രധാരണത്തെക്കുറിച്ചും തലമുടി ചീകുന്നതിനെക്കുറിച്ചും ഉപദേശിക്കാതെ വരാറില്ല. ദൈവമക്കൾക്ക് ഒരു ചിട്ട ഉണ്ട്, പ്രമാണമുണ്ട്, ദൈവീകനിയമമുണ്ട്. അല്ലാതെ ഇഷ്ടംപോലെ ജീവിക്കുവാനുള്ളതല്ല ക്രിസ്തീയ ജീവിതം. ചില ഭവനങ്ങളിൽ മാതാപിതാക്കൾക്കുപോലും വസ്ത്രധാരണത്തിൽ സാക്ഷ്യമില്ല. പിന്നെ എങ്ങനെ അവർക്ക് മക്കളുടെ വസ്ത്രധാരണത്തിൽ മാതൃക കാണിക്കുവാൻ സാധിക്കും.

**ഫോട്ടോ**

ഈ ഫോട്ടോയിൽ കാണുന്നത് പ്രായപൂർത്തിയായ രണ്ടു പെൺമക്കളുടെ അമ്മയാണ് ലെഗ്ഗിൻസ് ധരിച്ചുകൊണ്ടുപോകുന്നത്. പള്ളിയിലെ ആരാധനകൾക്കും ഇതേ വേഷത്തിൽ വരുന്നത് വിശുദ്ധദൈവത്തെ അലക്ഷ്യപ്പെടുത്തുന്നതിന് തുല്യമാണ്. വസ്ത്രധാരണത്തെക്കുറിച്ച് ഞാൻ ജാമക്കാരനിൽ എഴുതിയിട്ടുണ്ട്. **“തന്റെ ലജ്ജ കാണുമാറു നഗ്നനായി നടക്കാതിരിപ്പാൻ തന്റെ ഉടുപ്പു സൂക്ഷിച്ചും ജാഗരിച്ചും കൊള്ളവൻ ഭാഗ്യവാൻ.”** (വെളി:16:15). വചനത്തിന് അനുസരണം കാണിക്കാത്തവർ കോടതി വിധിക്കെങ്കിലും അനുസരണം കാണിക്കും എന്ന് ഞാൻ വിശ്വസിക്കുന്നു. ദൈവം നിങ്ങളേയും നിങ്ങളുടെ മക്കളേയും അനുഗ്രഹിക്കട്ടെ.

– ഡോ. പുഷ്പരാജ

# ആനക്കട്ടി ട്രൈബൽമിഷൻ ആശുപത്രിയിൽ നടന്ന അത്ഭുതം



Dr. MURALIDHARAN



Dr. ALLYAMMA

2019 ജൂൺമാസ ജാമക്കാരനിൽ ട്രൈബൽ മിഷൻ ആനക്കട്ടി ആശുപത്രി നേരിടുന്ന സാമ്പത്തികബുദ്ധിമുട്ടുകൾ എഴുതി അറിയിച്ചിരുന്നു.

ഈ ആനക്കട്ടിയിൽ 6000 ഇരുളാസ്, മുതുവാസ് തുടങ്ങിയ ആദിവാസികൾ ഉണ്ട്. ആദിവാസികൾക്ക് ഈ ആശുപത്രിയുടെ ആവശ്യം എത്രത്തോളമെന്ന് വായനക്കാർക്ക് അറിയുവാൻ വേണ്ടി ഈ ആശുപത്രിയിൽ ഒരു ആദിവാസി പെൺകുട്ടിയുടെ പ്രസവത്തിൽ ഉണ്ടായ അത്ഭുതത്തെ **ഡോ. മുരളീധർ** അവർകൾതന്നെ, തന്റെ അനുഭവത്തോടൊപ്പം അറിയിച്ചത് ജാമക്കാരൻ വായനക്കാർക്കുവേണ്ടി അറിയിക്കുന്നു.

ആനകൾ നിറഞ്ഞ ആ വനപ്രദേശത്തിൽ പ്രസവത്തോടനുബന്ധിച്ച് ഒരു ആദിവാസി പെൺകുട്ടിയ്ക്കുണ്ടായ മരണപോരാട്ടത്തിൽ **ഡോ. മുരളീധർ** അവർകളും അദ്ദേഹത്തിന്റെ ഭാര്യയായ **ഡോ. ഏലിയാമ്മ** അവർകളോടൊപ്പം നഴ്സുമാരും ചേർന്ന് രാത്രിമുഴുവനും പ്രാർത്ഥനയോടെ പോരാടിയ അനുഭ

വസാക്ഷ്യം വായനക്കാരായ നിങ്ങൾ തീർച്ചയായും അറിയണം. ഈ വനപ്രദേശത്ത് ഇങ്ങനെയുള്ള ആശുപത്രി അത്യാവശ്യമാണ്. അത് ഒരിക്കലും പ്രവർത്തനരഹിതമായി നഷ്ടപ്പെടുവാൻ ഇടവരരുത് എന്ന കാര്യം നിങ്ങൾ എല്ലാവരും അറിഞ്ഞിരിക്കണം. അതിനുവേണ്ടിയാണ് ഞാൻ ഇത് എന്റെ വായനക്കാരുടെ അറിവിലേയ്ക്ക് പ്രസിദ്ധപ്പെടുത്തുന്നത്.

## Dr. മുരളീധർ, MD, MNMS അവർകൾ പറയുന്നത് ശ്രദ്ധിക്കുക.

പ്രസവമുറിയിൽ വച്ച് ഒരുകുഞ്ഞ് ഈ ലോകത്തിൽ ജനിച്ചു എന്നത് ആ കുഞ്ഞിന്റെ കരച്ചിൽകേട്ട് തിയേറ്ററിന്റെ ഉള്ളിലും പുറത്തും ഇരുന്നിരുന്ന എല്ലാവർക്കും സന്തോഷം ഉണ്ടായി. വെളിയിലുണ്ടായിരുന്ന അവരുടെ ബന്ധുക്കൾക്ക് അതിനേക്കാൾ വളരെ സന്തോഷം ഉണ്ടായി. പ്രസവിച്ച യുവതി അവളുടെ വേദനകളെല്ലാം മാറി ഇപ്പോൾ വിശ്രമിക്കുവാൻ തുടങ്ങി. കുഞ്ഞിനെ പുറത്തെടുത്ത ഗൈനക്കോളജിസ്റ്റായ ഡോ. മുരളീധർ അവർകളുടെ ഭാര്യ **ഡോ. ഏലിയാമ്മ** അവർകൾ പ്രസവം വളരെ നല്ല രീതിയിൽ നടന്നുവെന്ന് അടുത്തുണ്ടായിരുന്നവരോട് പറഞ്ഞു. കുഞ്ഞും മാതാവും ആരോഗ്യത്തോടെ ആയിരുന്നതുകൊണ്ട് എല്ലാവർക്കും ആശ്വാസം ഉണ്ടായി. ഡോക്ടർ അവർകൾ തന്റെ അടുത്തിരുന്ന നഴ്സിനോട് **അപ്കാർ 10/10** എന്ന് പറഞ്ഞു. ഡോക്ടർമാർ ഉപയോഗിക്കുന്ന ഒരു പ്രത്യേക വാക്കാണ് അപ്കാർ. യാദൃശ്ചികമായി ആ സ്ഥലത്ത് പരിശോധനയ്ക്ക് വന്ന ഡോ. മുരളീധർ ആയ ഞാൻ പ്രസവമുറിയിൽ ചെന്നുനോക്കി. യുവതിക്ക് സുഖപ്രസവം നടന്നതറിഞ്ഞ് അവളുടെ ഭർത്താവിനോടും ബന്ധുക്കളോടും ഈ സന്തോഷവാർത്ത് പറഞ്ഞ് അവരെ ആശംസിച്ചിട്ട് ആശുപത്രിയിൽ നിന്നും എന്റെ വീട്ടിലേയ്ക്ക് പോയി. കുഞ്ഞിനെ വെളിയിൽ കൊണ്ടുവന്ന് ബന്ധുക്കളെ ഏൽപിച്ചു. ഭർത്താവ് തന്റെ അമ്മയെ ഭാര്യയുടെ ശുശ്രൂഷയ്ക്ക് ഏർപ്പെടുത്തിയശേഷം അയാൾ 25 കിലോമീറ്റർ ദൂരത്തുള്ള തന്റെ ഭവനത്തിലേക്ക് പോയി.

വീട്ടിൽ എത്തിച്ചേർന്ന ഡോ. മുരളീധർ ആയ ഞാൻ ആ യുവതിയുടെ സുഖപ്രസവം നടന്നതിന് ദൈവത്തോട് പ്രാർത്ഥിച്ചു. ഓരോരോ പ്രസവത്തിലും അവസാന നിമിഷങ്ങളിൽ പലവിധമായ പ്രശ്നങ്ങൾ ഉണ്ടാകുന്നത് ഞങ്ങൾ ഡോക്ടർമാക്കുമാത്രം മനസ്സിലാകുന്ന കാര്യങ്ങളാണ്. പ്രസവിക്കുന്ന സ്ത്രീകളുടെ പ്രസവവേദനപോലെ തന്നെ, പ്രസവശുശ്രൂഷനടത്തുന്ന

ഡോക്ടർമാർക്കും ആ രോഗികളെക്കുറിച്ച് മനപ്രയാസം ഉണ്ടാകും എന്നുള്ളത് ചിലർ മാത്രം മനസ്സിലാക്കും.

**മിഡ്നൈറ്റ് 12.15**

ഞാൻ എന്റെ വീട്ടിൽ ഉറങ്ങിക്കൊണ്ടിരിക്കെ ആശുപത്രിയിൽ നിന്നും ഫോൺബെല്ലടിച്ചു. എത്രയുംവേഗം ഡോക്ടർ പ്രസവമുറിയിൽ എത്തിച്ചേരണം എന്നുള്ള നഴ്സിന്റെ വിലാപം ഞാൻ കേട്ടു. ഞാൻ ഉടനെതന്നെ ആശുപത്രിയിലെ പ്രസവമുറിയിൽ എത്തിച്ചേർന്നു. ഞാൻ അവിടെ കണ്ടത് രക്തത്തിൽ കുളിച്ചുകിടക്കുന്ന ആ യുവതിയെയാണ്. കൂടെ ഭയന്ന് വിറയലോടെ അവളുടെ അടുത്ത് നിൽക്കുന്ന എന്റെ ഭാര്യ **ഡോ. ഏലിയാമ്മ**യേയും കണ്ടു. ഞാൻ അടുത്തെത്തിയപ്പോൾ എന്റെ ഭാര്യ എന്നോടുപറഞ്ഞു **"Inversion of Uterus"**. അതായത് ഗർഭപാത്രം തലകീഴായി പുറത്തുവന്നു. ഞാൻ എത്രശ്രമിച്ചിട്ടും അതിനെ ഉള്ളിലേയ്ക്കു കയറ്റുവാൻ കഴിയുന്നില്ല. വെള്ളംപോലെ ഒഴുകുന്ന അവളുടെ രക്തസ്രവം നിൽക്കണമെങ്കിൽ അവളുടെ ഗർഭപാത്രത്തെ ഉള്ളിൽ കയറ്റിയാലേ സാധ്യമാകു. ഉള്ളിൽ കയറ്റുവാൻ സാധിക്കാതെ പോയാൽ അടുത്തപടി ഓപ്പറേഷൻ മാത്രമേ ഉള്ളൂ.



ഗർഭപാത്രം തലകീഴായി പുറത്തുവരുന്നത് (Inversion of Uterus) ജനിച്ച കുഞ്ഞിന്റെ പൊക്കിൾകൊടി പുറത്തുവരുമ്പോൾ ചില സന്ദർഭങ്ങളിൽ ഗർഭപാത്രവും ചേർന്ന് വെളിയിൽ വരും. ഇത് വല്ലപ്പോഴും മാത്രം സംഭവിക്കുന്ന അപൂർവ്വസന്ദർഭങ്ങളാണ്. ഗർഭപാത്രം പുറത്തുവന്ന് കഴിഞ്ഞാൽ പിന്നെ സാധാരണരീതിയിൽ ഗർഭപാത്രം ചുരുങ്ങുന്നതുപോലെ ചുരുങ്ങുവാൻ സാധിക്കുകയില്ല. ഗർഭപാത്രം സാധാരണ രീതിയിൽ ചുരുങ്ങിയാൽ മാത്രമേ രക്തസ്രവം നിൽക്കുകയുള്ളൂ. എന്റെ ഭാര്യയ്ക്ക് ആ സമയം 20 വർഷത്തെ പരിചയം ഉണ്ടായിരുന്നിട്ടും ആ സന്ദർഭത്തിൽ ആ ഗർഭപാത്രത്തെ അകത്താക്കുവാൻ സാധിച്ചില്ല. രക്തം വെള്ളംപോലെ ഒഴുകിക്കൊണ്ടേയിരുന്നു. ഈ അവസ്ഥയിൽ അവളെ രക്ഷപ്പെടുത്തുവാൻ രണ്ടു കുപ്പി രക്തമെങ്കിലും അവളുടെ ശരീരത്തിൽ കയ

റ്റേണ്ടതുണ്ട്. ആനക്കട്ടി ആശുപത്രിയിലെ അംഗങ്ങൾ ആവശ്യമായ സമയത്തെല്ലാം രക്തദാനം നടത്തുന്നവരാണ്. അക്കാര്യത്തിൽ അവർക്ക് യാതൊരു വിഷമമോ പ്രയാസമോ ഉള്ളവരല്ല. പക്ഷേ, ഇവിടെ പ്രശ്നം യുവതിയുടെ രക്തഗ്രൂപ്പ് **"O" നെഗറ്റീവ്** ആണ്. ഈ ഗ്രൂപ്പിലെ രക്തം ആശുപത്രിയിലെ ആർക്കും ഇല്ല. ഉടനെ ഞാൻ കോയമ്പത്തൂരിലുള്ള ബ്ലഡ് ബാങ്കുമായി ബന്ധപ്പെട്ടു. അവിടെയും "O" നെഗറ്റീവ് രക്തം സ്റ്റോക്കില്ലായെന്ന് പറഞ്ഞു. സമയം നീങ്ങിക്കൊണ്ടിരുന്നു. ഇപ്പോൾ എന്റെ മുന്നിലുള്ള ഏകപോംവഴി ഒരു ഓപ്പറേഷനിലൂടെ യുവതിയുടെ ഗർഭപാത്രം എടുത്തുകളയുക എന്നതാണ്. അതും ഒരു മണിക്കൂറിനുള്ളിൽ ചെയ്യണം. ഇല്ലെങ്കിൽ ആ യുവതിയുടെ ജീവൻ നഷ്ടപ്പെടും. ഞങ്ങളുടെ ആശുപത്രിയിൽ ഓപ്പറേഷന് മുൻപ് **അനസ്തേഷ്യ** കൊടുക്കുവാനുള്ള **Anaesthetist** ഇല്ല. കോയമ്പത്തൂരിൽ നിന്നുമാണ് ഞങ്ങൾ പ്രത്യേകമായി അവരെ കൊണ്ടുവന്നിരുന്നത്. അങ്ങനെ ശ്രമിച്ചാലും ഇവിടെ നിന്നും കാറിൽ പോയിക്കൂട്ടിക്കൊണ്ടുവരുവാൻ കുറഞ്ഞത് മൂന്ന് മണിക്കൂറുകളെങ്കിലും വേണ്ടി വരും. അതുകൊണ്ട് രോഗിയെ എത്രയും പെട്ടെന്ന് കോയമ്പത്തൂരിൽ എത്തിക്കുന്നതാണ് ബുദ്ധി. ആ രാത്രിയിൽ എനിക്ക് പരിചയമുള്ള ഡോക്ടർമാർക്ക് ഫോൺ ചെയ്ത് അവർ എത്രയും പെട്ടെന്ന് **കോയമ്പത്തൂരിലുള്ള ജെ.എം. ആശുപത്രിയിൽ** എത്തിച്ചേരണം, ഞങ്ങൾ അങ്ങോട്ടുവന്നുകൊണ്ടിരിക്കുന്നു എന്ന് അറിയിച്ചു. കോയമ്പത്തൂർ ജെ.എം. ആശുപത്രിയിലെ ഗൈനക്കോളജിസ്റ്റായ **ഡോ. എലിസബത്ത് ജോർജ്ജ്** അവർകളെ വിളിച്ചുപറഞ്ഞ് ഓപ്പറേഷൻ തിയറ്റർ ഒരുക്കുവാൻ പറഞ്ഞു. അനസ്തേഷ്യ സ്പെഷ്യലിസ്റ്റിനെയും പെട്ടന്നുതന്നെ അവിടെ എത്തിച്ചു.

## പുതിയ പ്രശ്നം

രോഗിയുടെ പ്രത്യേക സാഹചര്യത്തേയും എത്രയും പെട്ടെന്ന് തന്നെ വിദഗ്ധ ചികിത്സക്കായി അവളെ ഉടനെതന്നെ കോയമ്പത്തൂരിലുള്ള ആശുപത്രിയിൽ എത്തിക്കണമെന്നും യുവതിയുടെ അമ്മായിയമ്മയെ അറിയിച്ചപ്പോൾ അവരുടെ പ്രതികരണം മറിച്ചായിരുന്നു. തന്റെ മകൻ വരാതെ ഇവിടെ നിന്നും കൊണ്ടുപോകുവാൻ പറ്റുകയില്ലായെന്ന് അവർ വാശിപിടിച്ചു. ഇതുകേട്ട് ആശുപത്രിയിലുണ്ടായിരുന്ന ഞങ്ങളെല്ലാവരും ഞെട്ടിപ്പോയി. ആ ആനക്കട്ടിയിൽ നിന്നും 25 കിലോമീറ്റർ പോയി അവളുടെ ഭർത്താവിന്റെ സമ്മതവും വാങ്ങി

പോകുമ്പോഴേയ്ക്കും രോഗി മരിക്കും നിശ്ചയം. ഞങ്ങൾ അവളുടെ ജീവനെ എങ്ങനെയെങ്കിലും രക്ഷിക്കണം എന്ന് തീരുമാനിച്ചു. അതിൽ ഗ്രാമവാസികൾ എന്തുതന്നെ പ്രശ്നങ്ങളുണ്ടാക്കിയാലും അത് സാരമില്ല എന്ന് തീരുമാനമെടുത്തു. ഞങ്ങൾ പ്രാർത്ഥിച്ചു. അപ്പോൾ എന്റെ മനസ്സിൽ വളരെ ധൈര്യം ഉണ്ടായി. ഞങ്ങൾ ആംബുലൻസ് റെഡിയാക്കി. യുവതിയെയും വാതിൽക്കൽ തടസ്സമായിനിന്ന അവളുടെ അമ്മായിയമ്മയേയും ബലമായിട്ട് പിടിച്ച് ആംബുലൻസ്സിൽ കയറ്റി വാതിലടച്ചു. കോയമ്പത്തൂർ ആശുപത്രിയിൽ ചെന്നപ്പോൾ രാത്രി ഒന്നരമണിയായി. ഞങ്ങൾ അവിടെ എത്തിയപ്പോൾ ഓപ്പറേഷൻ തിയേറ്റർ റെഡിയാക്കി ഡോക്ടർമാരും കാത്തുനിൽക്കുകയായിരുന്നു. അനസ്തേറ്റിസ്റ്റ് പരിശോധിച്ചിട്ടുപറഞ്ഞു, ഇവളെ ഓപ്പറേഷൻ ചെയ്യുവാനുള്ള ബലം ഇവളിലില്ല. ഇനി ഇവളുടെ ശരീരത്തിൽ രക്തത്തിന്റെ അളവ് **(HB) 4 ഗ്രാം** മാത്രമേ അവശേഷിച്ചിട്ടുള്ളുവെന്ന് (ഒരു പെണ്ണിന് രക്തത്തിന്റെ അളവ് ശരാശരി 12 – 14 വരെ ഉണ്ടായിരിക്കണം). ഡോക്ടർ പറഞ്ഞത് ഒരു കുപ്പി രക്തമെങ്കിലും എത്രയും പെട്ടന്നുതന്നെ അവളുടെ ശരീരത്തിൽ കയറ്റണം എന്നാണ്. അപ്പോൾ ഞാൻ പറഞ്ഞു "O" നെഗറ്റീവ് രക്തം കോയമ്പത്തൂരിലുള്ള ഒരു രക്തബാങ്കുകളിലും ഇല്ലായെന്ന്. ഞാൻ ഇത് പറഞ്ഞത് തൊട്ടടുത്തിരുന്ന ലാബ് ടെക്നീഷ്യനായ ഒരു സ്ത്രീ കേട്ടുകൊണ്ടിരുന്നു. അവൾ പറഞ്ഞു, "O" നെഗറ്റീവ് രക്തമുള്ള ഒരു നഴ്സ് ഈ ആശുപത്രിയിൽ ഉണ്ട് എന്ന്. ഉടനെതന്നെ ചീഫ് ഡോക്ടറോടുപറഞ്ഞ്, ആശുപത്രി ക്വാർട്ടേഴ്സിൽ ഉറങ്ങിക്കൊണ്ടിരുന്ന ആ നഴ്സിനെ അറിയിക്കുകയും അഞ്ചുമിനിട്ടിനുള്ളിൽ തന്നെ ആ നഴ്സ് വളരെ സന്തോഷത്തോടെ വരികയും അവളുടെ രക്തം യുവതിയുടെ ശരീരത്തിൽ കയറ്റുകയും ചെയ്തു. ദൈവത്തിന്റെ കരുതലും നടത്തിപ്പും എത്ര അൽഭുതമെന്ന് കണ്ടോ? **കർത്താവിനെ രുചിച്ചുനോക്കുവിൻ** എന്നുള്ള വചനം ഈ സാഹചര്യത്തിൽ ഓർക്കുകയും എനിക്കും കൂടെയുണ്ടായിരുന്ന എല്ലാവർക്കും കർത്താവിനെ രുചിച്ചുനോക്കുവാനുള്ള അവസരവും ലഭിച്ചു. ഈ അവസരത്തിൽ അനസ്തേഷ്യ ഡോക്ടർ എന്നോട് പറഞ്ഞത്, ഓപ്പറേഷന് ഒരു മണിക്കൂർ സമയം എടുക്കും. പക്ഷേ, അതുവരെ പിടിച്ചു നിൽക്കുവാനുള്ള ശക്തി ഇവൾക്ക് ഉണ്ടോ എന്നുള്ള കാര്യം സംശയമാണെന്നും പറഞ്ഞു. കാരണം, നിങ്ങൾ വളരെ താമസിച്ചാണ് ഇവളെ കൊണ്ടുവന്നിരിക്കുന്നത്. ഇതുകേട്ട എനിക്ക് പരിഭ്രമവും വിഷമവും ഉണ്ടായി. എന്നാലും എന്റെ വിശ്വാസത്തിൽ

കുറവ് ഒന്നും ഉണ്ടായില്ല. ഞാൻ കൊണ്ടുവന്ന ഈ രോഗി എന്റെ ബന്ധുവോ സ്വന്തമോ ഒന്നുമല്ല. പക്ഷേ, അവളുടെ ജീവനെ രക്ഷിക്കേണ്ടത് എന്റെ കടമയാണ്. പണത്തിനുവേണ്ടിയോ വ്യാപാരത്തിനുവേണ്ടിയോ അല്ല ഞാൻ ഈ ചെയ്തത് എന്നുള്ളത്, ഞാൻ ആരാധിക്കുന്ന എന്റെ ദൈവത്തിന് അറിയാം.

## സംഭവിച്ച അത്ഭുതം

ഞാനും അനസ്തേഷ്യാ ഡോക്ടറും സംസാരിച്ചുകൊണ്ടിരിക്കുന്ന സമയം ഗൈനക്കോളജിസ്റ്റ് **ഡോ. എലിസബത്ത്** മാത്രം ഞങ്ങൾ ആരും അറിയാതെഓപ്പറേഷൻ തിയേറ്ററിനുള്ളിൽ പോയി ആ ഗർഭപാത്രത്തെ തന്റെ കൈകൊണ്ട് അവസാനമായി ഒരു പ്രാവിശ്യം കൂടെ അകത്താക്കുവാൻ ശ്രമിക്കട്ടെയെന്നും പറഞ്ഞ് അതിനുവേണ്ടി ശ്രമിച്ചു. ആ സമയത്ത് ഓപ്പറേഷൻ തിയേറ്ററിനുള്ളിൽ നിന്നും ഉച്ചത്തിൽ ***WOW*** എന്നു പറഞ്ഞുകൊണ്ട് ഡോ. മുരളി ഇനി ഓപ്പറേഷന്റെ ആവശ്യമില്ല അവളുടെ ഗർഭപാത്രം ഉള്ളിലേക്ക് കയറി, ഇനി അരമണിക്കൂറിനുള്ളിൽ അവളുടെ രക്തസ്രവം നിൽക്കും എന്നും പറഞ്ഞ് ഡോ. എലിസബത്ത് ഡോക്ടർമാരോട് അറിയിച്ചു. എത്ര വലിയ അത്ഭുതമാണിത്. എല്ലാ ഡോക്ടർമാർക്കും വളരെയധികം സന്തോഷമുണ്ടായി. ഇതിനിടയിൽ നേരത്തെ ആവശ്യപ്പെട്ടിരുന്ന ഒരു ആശുപത്രിയിൽ നിന്നും രണ്ടു കുപ്പി രക്തം ലഭിക്കുകയും ചെയ്തു. ഈ രണ്ടു കുപ്പി രക്തം കൂടി അവളുടെ ശരീരത്തിൽ കയറ്റിയപ്പോൾ അവൾ അപകടനില തരണം ചെയ്യുകയും ക്രമേണ സാധാരണ അവസ്ഥയിലേയ്ക്ക് വരികയും ചെയ്തു. അതേ സ്ഥലത്തു നിന്നും കൊണ്ടു തന്നെ ഞങ്ങൾ എല്ലാവരും ചേർന്ന് ദൈവത്തെ സ്തുതിയ്ക്കുകയും അതേ ആംബുലൻസിൽ തന്നെ ആനക്കട്ടി ആശുപത്രിയിലേയ്ക്ക് മടങ്ങി എത്തുകയും ചെയ്തു. ഞങ്ങൾ ആനക്കട്ടിയിൽ നിന്നും കോയമ്പത്തൂരിലേക്ക് പുറപ്പെടുമ്പോൾ വഴിയിൽ കാട്ടാനയോ മറ്റോ വന്നിരുന്നുവെങ്കിൽ അവളെ ആശുപത്രിയിൽ എത്തിക്കുവാൻ മണിക്കൂറുകളോളം താമസിക്കുകയും അവളുടെ ജീവൻ അപകടത്തിൽപ്പെടുകയും ചെയ്യുമായിരുന്നു. ആനകളെ ഉണ്ടാക്കിയ ദൈവം ഞങ്ങൾക്കുവേണ്ടി, ആനകൾ ഞങ്ങളെ തടയാതെ ഞങ്ങളെ സംരക്ഷിച്ചു.

**നമ്മുടെ ദൈവം ജാതിമതഭേദമന്യേ എല്ലാവരേയും സ്നേഹിക്കുന്നവനാണ്. എല്ലാ ആത്മാക്കളും എന്റേതാണ് എന്നും പറഞ്ഞിരിക്കുന്നു.**

അങ്ങനെ ഈ യുവതി ഒരു ഹിന്ദുവായിരുന്നുവെങ്കിലും ഞങ്ങളുടെ പ്രാർത്ഥനയേയും ഞങ്ങളുടെ വിശ്വാസത്തെയും അംഗീകരിച്ച് **അവളെ കർത്താവ് സൗഖ്യമാക്കി.**

വേദപുസ്തകത്തിലെ പുതിയ നിയമത്തിൽ ഒരു രോഗിയെ നാലുപേർ കട്ടിലിൽ ചുമന്ന് മറ്റൊരുവന്റെ വീടിന്റെ മേൽക്കൂര പൊളിച്ച് ആ കട്ടിലോടെ യേശുക്രിസ്തുവിന്റെ മുന്നിൽ ഇറക്കി. ആ നിമിഷത്തിൽ തന്നെ പക്ഷ വാതക്കാരനെ സൗഖ്യമാക്കി. സൗഖ്യമാക്കിയത് പക്ഷവാതക്കാരന്റെ വിശ്വാസം കൊണ്ടല്ല. **അവനെ ചുമന്നുകൊണ്ടുവന്ന നാലുപേരുടെയും** വിശ്വാസത്തെ കണ്ടിട്ടാണ് യേശു അവനെ സൗഖ്യാമാക്കിയത്. ഞങ്ങൾ മടങ്ങി ആശുപത്രി യിൽ എത്തിയപ്പോൾ ആശുപത്രി സ്റ്റാഫ് എല്ലാവരും മുട്ടിൻമേൽ നിന്നും പ്രാർത്ഥിച്ച് അപ്പോഴാണ് എണീറ്റത്. ഈ യുവതിയ്ക്ക് വേണ്ടി മാത്രമല്ല ഞങ്ങൾ മുട്ടിന്മേൽ നിന്ന് പ്രാർത്ഥിച്ചത്. ആനക്കട്ടി ആശുപത്രിയിൽ വരുന്ന രോഗിക ളിൽ സീരിയസായി വരുന്ന എല്ലാ രോഗികൾക്കും ഇങ്ങനെയാണ് ഞങ്ങൾ ഒരു കുടുംബം പോലെ ഒത്തുചേർന്ന് പ്രാർത്ഥിക്കുന്നത്. അതുകൊണ്ടാണ് എത്ര അത്യാസന്ന രോഗികൾക്കും സൗഖ്യം ലഭിക്കുന്നത്. ആശുപത്രിയിൽ എത്തിചേർന്നയുടനെ തന്നെ അവൾ ഇഡ്ഡലി കഴിച്ചു അടുത്ത ദിവസം തന്നെ സൗഖ്യത്തോടെ അവളെ അവളുടെ ഭവനത്തിലേയ്ക്ക് അയച്ചു. ഡിസ്ച്ചാർജ് വാങ്ങി ഈ കുടുംബത്തെ അവിടെ നിന്നും അയച്ചപ്പോൾ യേശുക്രിസ്തു വാണ് നിങ്ങളെ സൗഖ്യമാക്കിയതെന്നുള്ള കാര്യം അവരെ അറിയിച്ച് പറഞ്ഞ യച്ചു.

രണ്ടുവർഷങ്ങൾ കഴിഞ്ഞശേഷം അതേ യുവതി, തന്റെ രണ്ടാം പ്രസവ ത്തിനായി ഈ ആശുപത്രി തന്നെ തേടി വന്നു. അവളെ കണ്ടപ്പോൾ പുനർജന്മം ലഭിച്ചുവന്നവളെപ്പോലെ കണ്ട് ഞങ്ങൾ എല്ലാവരും ദൈവത്തെ സ്തുതിച്ചു. കർത്താവിനു മാത്രം സ്തുതി സ്തോത്രങ്ങൾ അർപ്പിക്കുന്നു.

**ജാമക്കാരൻ**: മുകളിൽ വായിച്ചതുപോലെയുള്ള ധാരാളം അനുഭവങ്ങളും അത്ഭുത സൗഖ്യങ്ങളും ആനക്കട്ടി ആശുപത്രിയിൽ നടന്നു കൊണ്ടിരിക്കു ന്നു. സംഭവം നടന്ന ആ രാത്രി ആ യുവതിയുടെ കുടുംബത്തോട് ഓപ്പറേ

ഷന് എത്ര രൂപ ഫീസ് കൊടുക്കുവാൻ സാധിക്കും? എന്നോ കോയമ്പത്തൂർ സ്വകാര്യ ആശുപത്രിയിലെ ഓപ്പറേഷന്റെ ഭാരിച്ച ചിലവുകൾ വഹിക്കുവാൻ നിങ്ങൾക്കു കഴിയുമോ? എന്നോ ഈ പാവപ്പെട്ട നിർധനരായ ആദിവാസികളോട് ചോദിക്കുവാൻ കഴിയുമോ? ജീവനെ രക്ഷിക്കുന്നതാണ് പ്രധാനം. എല്ലാവരേയും സൗഖ്യമാക്കുന്ന ക്രിസ്തുവിന്റെ രക്തമാണ് ഞങ്ങളെയും ഈ പ്രവർത്തി ചെയ്യുവാൻ പ്രേരിപ്പിച്ചത്. ഇങ്ങനെയുള്ള ക്രിസ്തുവിന്റെ സ്നേഹമാണ് ആദിവാസി ജനങ്ങൾക്കു ചെയ്ത വലിയ വലിയ ഓപ്പറേഷനുകളെ ഞങ്ങൾക്ക് ജയമാക്കി തന്നത്.

ഈ വായിക്കുന്ന നിങ്ങൾ അറിയേണ്ടത് ഇങ്ങനെയുള്ള നിർധനരായ ആദിവാസി സമൂഹമാണ് ആനക്കട്ടി ട്രൈബൽ മിഷൻ ആശുപത്രിയിൽ വരുന്നത്. ആ അർദ്ധരാത്രിയൽ ആനകളെ ഭയന്ന് അവിടെ നിന്നും അവളെ കൊണ്ടുപോയിരുന്നില്ലായെങ്കിൽ അവൾ മരിച്ചു പോകുമായിരുന്നു. ആ കുടുംബത്തിൽ ആദ്യം ജനിച്ച ആ കുഞ്ഞിന് അമ്മയെ നഷ്ടപ്പെടുമായിരുന്നു. അവൾ അനാഥയാകുമായിരുന്നു. പ്രസവത്തിന് കടന്നുവന്ന ആ യുവതി ഗവൺമെന്റ് ആശുപത്രിയിലോ ക്രിസ്തീയമല്ലാത്ത സ്വകാര്യ ആശുപത്രിയിലോ ചികിത്സതേടിയിരുന്നുവെങ്കിൽ ആ ജീവൻ മരണ പോരാട്ടത്തിൽ അവിടെയുള്ള ഡോക്ടർമാരോ നഴ്സുമാരോ കരഞ്ഞുകൊണ്ട് കർത്താവേ; അവളുടെ ജീവന് ആപത്തൊന്നും വരുത്തരുതേ എന്ന് പ്രാർത്ഥിക്കുമായിരുന്നുവോ? ആ സ്വകാര്യ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്യുമ്പോൾ എല്ലാ പണവും കൊടുത്തുതീർക്കാതെ പോകുവാൻ അവർ സമ്മതിക്കുകയില്ല. അവൾ സൗഖ്യത്തോടെ ആനക്കട്ടിയിൽ മടങ്ങിവരുന്നതുവരെ ആശുപത്രിയിലുള്ള എല്ലാവരും രാത്രി മുഴുവൻ കണ്ണുനീരോടെ മുട്ടിൻമേൽ നിന്നും പ്രാർത്ഥിച്ചത് നിങ്ങൾ മറ്റെവിടെയെങ്കിലും കേട്ടിട്ടുണ്ടോ? ഇങ്ങനെയുള്ള പാവപ്പെട്ട ആദിവാസികൾക്കു വേണ്ടിയാണ് അട്ടപ്പാടിയിലെ ആനക്കട്ടിയിൽ ഈ ആശുപത്രി പ്രവർത്തിക്കുന്നത്. ഈ ആശുപത്രിയുടെ പ്രവർത്തനം നിലച്ചുപോകാതെ തുടർന്നും നടത്തുവാൻ വേണ്ടിയാണ് പല ക്രിസ്തീയ സ്ഥാപനങ്ങളെയും ഞങ്ങൾ സമീപിച്ചത്. ആവശ്യത്തിനുള്ള പണം വന്നാലല്ലേ ഈ സ്ഥാപനത്തെ മുന്നോട്ട് കൊണ്ടുപോകുവാൻ സാധിക്കുകയുള്ളൂ. ഇത് ഒരു തൊഴിൽ സ്ഥാപ

നമായിരുന്നുവെങ്കിൽ പെട്ടെന്ന് വിട്ടിട്ടുപോകാം. ഞങ്ങൾ ചെയ്യുന്നത്, ജീവനെ രക്ഷിക്കുന്ന ശുശ്രൂഷയാണ്. ഞങ്ങളുടെ ലക്ഷ്യവും അതുതന്നെ, ഇതു മുഖേന യേശുക്രിസ്തുവിനെ എളുപ്പത്തിൽ പരിചയപ്പെടുത്തുവാൻ സാധിക്കുന്നു. ഓരോ ഞായറാഴ്ചയിലേയും ആരാധനകളിൽ അനേകം പേർ സംബന്ധിക്കുന്നു. ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റു ജീവനക്കാർക്കും ആവശ്യമായ ശമ്പളം കൊടുക്കുവാനുള്ള സാമ്പത്തികം ലഭിക്കുമെങ്കിൽ ഞങ്ങൾ ഈ ആശുപത്രിയെ എന്തിന് മറ്റുള്ളവരെ ഏൽപ്പിക്കണം. ഒരു സ്ഥിരമായ വരുമാനം തുടർന്ന് കിട്ടാത്തതുകൊണ്ടാണ് ഇത് ഏറ്റെടുത്ത് പാവപ്പെട്ടവർക്ക് സൗജന്യമായ ചികിത്സ ലഭ്യമാക്കുന്ന സ്ഥാപനങ്ങൾ ഏറ്റെടുക്കുമെങ്കിൽ മാത്രം ഞങ്ങൾ അവരെ ഏൽപ്പിക്കാം എന്ന് ചിന്തിക്കുന്നത്. വരുമാനത്തിന്റെ ലാഭമോ കമ്മീഷനോ ഒരു നയാ പൈസപോലും ഞങ്ങൾക്ക് ആവശ്യമില്ല. എന്നാൽ ആശുപത്രിയുടെ പ്രവർത്തനം സുഗമമായി നടക്കണം. ഇത് വായിക്കുന്ന വിദേശമലയാളികളും ഇൻഡ്യയിലെ മലയാളികളും ആശുപത്രിയെ ഏറ്റെടുത്ത് നടത്തുവാൻ താൽപര്യമുള്ള സ്ഥാപനങ്ങളുടെ അഡ്രസ്സും മറ്റു വിവരങ്ങളും താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ അറിയിക്കുവാൻ താൽപര്യപ്പെടുന്നു. അത് വളരെ ഉപകാരമായിരിക്കും. പ്രാർത്ഥനയോടെ നിങ്ങളുടെ മറുപടി പ്രതീക്ഷിക്കുന്നു.

**ഇതിന്റെ പേരിലുള്ള വിവരങ്ങളോ സാമ്പത്തിക സഹായങ്ങളോ ഡോ. പുഷ്പരാജായ എന്റെ വിലാസത്തിൽ ദയവായി അയക്കരുത്.**

**കൂടുതൽ വിവരങ്ങൾക്ക്**

**Dr. MURALIDHAR,** M.D (Medical Superintendent)
**Bethani Medical Centre,**
Anaikatti P.O, Pin - 641108, Coimbatore Dt.
Phone : 09443165080
Email: muralidhar.anaikatty@gmail.com tribalmission@hotmail.com

# KASHMIR EVANGELICAL FELLOWSHIP
## HIMALAYA EVANGELICAL MISSION



**Mrs. & Dr. Rev. P.M. THOMAS**

വടക്കേ ഇന്ത്യയിലെ ഹിമാലയത്തിൽ കാശ്മീർ മലകളിൽ ആരംഭകാലത്തിൽ മിഷനറി പ്രവർത്തനം നിറവേറ്റിയ നല്ല ദൈവ ദാസനാണ് **Dr. Rev. P.M. തോമസ്.**

Dr. P.M. തോമസ് അവർകൾ കേരളത്തിൽ **പുന്നവേലി** എന്ന ചെറിയ ഗ്രാമത്തിൽ ജനിച്ചു. തന്റെ 14–ാമത്തെ വയസ്സിൽ രക്ഷയുടെ അനുഭവം ലഭിച്ചു. ആദ്യം സ്കൂൾ ടീച്ചറായി കേരളത്തിൽ പുന്നവേലി പ്രൈമറി സ്കൂളിൽ ജോലി ചെയ്തു. അതിനുശേഷം പുന്നവേലിയിലുള്ള സി.എം.എസ് മിഡിൽ സ്കൂളിലേക്ക് പ്രമോഷൻ കിട്ടി.

രക്ഷിക്കപ്പെട്ട ആദ്യകാലത്തിൽ തന്നെ മിഷനറിവേലയെക്കുറിച്ചുള്ള ഭാരം ഇദ്ദേഹത്തിന്റെ ഹൃദയത്തിൽ നൽകിയിരുന്നു. അമേരിക്കയിലെ ലോസെഞ്ചലസിൽ (LOSANGELES) ഉള്ള ഗ്രേസ് തിയോളജിക്കൽ സെമിനാരിയിൽ സ്കോളർഷിപ്പോടുകൂടി പഠിക്കാൻ ക്ഷണം കിട്ടി. പക്ഷെ ദൈവം ഇദ്ദേഹത്തിനു വേറേ വഴിയിൽ ഇന്ത്യയിൽ തന്നെ ബൈബിൾ കോളേജിൽ പഠിക്കാൻ വാതിൽ തുറന്നു. അന്നത്തെക്കാലത്ത് യൂണിയൻ ബൈബിൾ സെമിനാരി (U.B.S) ആത്മീക സെമിനാരിയായി അറിയപ്പെട്ടിരുന്നു. അന്ന് വടക്കേ ഇന്ത്യയിൽ യോദ്മാൾ (YOVATH MALL) എന്ന സ്ഥലത്തിൽ ആണ് ഈ കോളേജ് ഉണ്ടാ

യിരുന്നത്. ഇപ്പോൾ അത് പൂനെയിലാണ്. അവിടെ ഇദ്ദേഹത്തിന് പഠിത്ത ത്തോടൊപ്പം ഈവനിംഗ് കോളേജിൽ ബി.എ പഠിക്കാനും അവസരം കിട്ടി. ഈ രണ്ടു പഠിത്തവും കഴിഞ്ഞിട്ട് കേരളത്തിൽ പല പള്ളികളിൽ അച്ചനായി പ്രവർത്തിക്കാൻ ക്ഷണം കിട്ടി. പക്ഷെ ഇദ്ദേഹത്തിന്റെ ഹൃദയത്തിൽ മിഷനറി ഭാരം വർദ്ധിച്ചതുകൊണ്ട് സുവിശേഷം അറിയപ്പെടാത്ത സ്ഥലമായ കാശ്മീർ ഭാഗത്തെ തിരഞ്ഞെടുത്തു.




Temporary Worship hall prepared by Army Friends



Present Church, Uthampur

അന്നത്തെക്കാലത്ത് കേരളത്തിലെ പ്രശസ്ത ദൈവവേലക്കാരനായ **വലിയ കുഞ്ഞപ്പി ഉപദേശിയുടെ മകൾ സഹോദരി ക്രിസ്റ്റി** അവർകളെ കല്യാണം കഴിച്ചു. രണ്ടുപേർക്കും മിഷനറിഭാരം ഉണ്ടായി

രുന്നതുകൊണ്ട് രണ്ടുപേരും കാശ്മീരിലേക്ക് മിഷനറി പ്രവർത്തനത്തിനു പുറപ്പെട്ടു. കാശ്മീർ സ്റ്റേറ്റിൽ ഉധംപൂർ എന്ന സ്ഥലത്ത് തന്റെ മിഷനറി പ്രവർത്തനം തുടങ്ങി. ആരംഭകാലത്തിൽതന്നെ ധാരാളം ആളുകൾ ഇവരുടെ ദൈവവേലയിൽ ക്രിസ്തുവിനെ സ്വീകരിച്ചു. ആരംഭത്തിൽ മൺകുടിലിലാണ് ആരാധന തുടങ്ങിയത്. ആരാധന തുടങ്ങിയ സ്ഥലത്തിനു ചുറ്റിലും പട്ടാളക്കാരുടെ ക്യാമ്പുകൾ ധാരാളം ഉണ്ടായിരുന്നു. ആ സ്ഥലത്ത് ആദ്യത്തെ ക്രിസ്തീയ സഭയായതുകൊണ്ട് പട്ടാളത്തിലുള്ള ക്രിസ്ത്യാനികൾ ധാരാളം പേർ പാസ്റ്റർ പി.എം. തോമസ് അവർകൾ ആരംഭിച്ച യൂണിയൻ ചർച്ചിൽ ആരാധിക്കാൻ കടന്നു വന്നു. ഈ ചെറിയ ആരാധനസ്ഥലത്തെ പട്ടാളക്കാർ ഒന്നുചേർന്ന് വലിയ ടെന്റ് ആരാധന സ്ഥലമായി പണിതുകൊടുത്തു. അങ്ങനെ ധാരാളം പട്ടാളക്കാരും നാട്ടുകാരും ആരാധനയിൽ സംബന്ധിച്ച ആ കാലത്തിലാണ് ബ്രദർ പി.ജി. വർഗീസ് അവർകളും ആരാധനയിൽ പങ്കെടുത്തത്. പക്ഷെ പി.ജി. വർഗീസ് അവർകൾ നിരീശ്വരവാദിയായിരുന്നു. അദ്ദേഹത്തിന്റെ ഭാര്യ ലില്ലി വർഗീസ് നല്ല ആത്മീകമുള്ളവരായിരുന്നു. തന്റെ ഭാര്യയെ സന്തോഷിപ്പിക്കാൻ വേണ്ടി അദ്ദേഹവും ഭാര്യയും ഈ ആരാധനയിൽ സംബന്ധിച്ചു. പാസ്റ്റർ പി.എം. തോമസ് അവർകൾ നടത്തിയ ഒരു Tent Conventionൻ പരിശുദ്ധാത്മാവ് ബ്രദർ പി.ജി. വർഗ്ഗീസ് അവർകളെ സ്പർശിച്ച് രക്ഷയുടെ അനുഭവത്തിൽ കടന്നുവരുവാൻ ഇടയാക്കി. ഇത് 1971–ാം വർഷം സംഭവിച്ചു.



Mrs. Lilly & Pastor P. G. Vargis

ബ്രദർ പി.ജി. വർഗീസ് അവർകൾ പട്ടാളജോലി രാജിവച്ച് പഞ്ചാബിൽ വലിയ മിഷനറിവേല നടത്തി ധാരാളം പഞ്ചാബികൾ യേശുവിനെ സ്വീകരിച്ചു, ധാരാളം സഭകളും പി.ജി. വർഗീസ് മുഖാന്തിരം ഉണ്ടായി.

ഇങ്ങനെ പാസ്റ്റർ പി.എം. തോമസ് കാരണം ധാരാളം പേർ തൊടപ്പെട്ട് ഇന്ന് വലിയ വലിയ ദൈവവേലക്കാരായി പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു.

1970–ാം വർഷം പാസ്റ്റർ പി.എം. തോമസ് അവർകൾ കോട്ടയത്ത് വന്നപ്പോൾ തന്റെ മിഷനറിവേലയെ താങ്ങുന്ന കുടുംബങ്ങളെ കൂട്ടിചേർത്ത് പ്രാർത്ഥനായോഗം നടത്തി ആ കാലഘട്ടത്തിൽ ഞാൻ **കോട്ടയം മാങ്ങാനം** മാർത്തോമാസഭയിൽ കൺവെൻഷൻ പ്രസംഗിക്കാൻ വന്നപ്പോൾ പാസ്റ്റർ പി.എം. തോമസ് അവർകളെ ഞാൻ പരിചയപ്പെട്ട് ആത്മീയ സുഹൃത്തുക്കളായിമാറി. ആ വർഷത്തെ അദ്ദേഹത്തിന്റെ സഭയായ (കാശ്മീർ) ഉധംപൂരിലുള്ള യൂണിയൻ ചർച്ചിന്റെ ആന്വൽ കൺവെൻഷനിൽ പ്രസംഗിക്കാൻ എന്നെ ക്ഷണിച്ചു. അദ്ദേഹം എന്റെ പ്രസംഗത്തെ ഹിന്ദിയിൽ തർജ്ജമ ചെയ്തു. അതിന് ശേഷം നാലുവർഷം കഴിഞ്ഞപ്പോൾ എന്റെ ഭാര്യയോടൊപ്പം പി.എം. തോമസ് അവർകളുടെ സഭയിൽ ചെന്ന് പ്രസംഗിച്ചു.



**Dr. Pushparaj** - (Age 79) **Dr. P.M. Thomas** - (Age 90)

കഴിഞ്ഞ മാസം (2019 ജൂൺ) Dr. Rev. P.M. തോമസ് അവർകളുടെ 90–ാമത്തെ പിറന്നാൾ ആഘോഷത്തിലും തുടർന്നുള്ള




**Bishop Santhosh** Translating my message

കൺവെൻഷനിലും എനിക്ക് പ്രധാന അതിഥിയായി സംബന്ധിക്കാൻ അവസരം കിട്ടി. പാസ്റ്റർ പി.എം. തോമസ് അവർകൾ ഭൂട്ടാൻ, നേപ്പാൾ, മണിപ്പൂർ, വെസ്റ്റ് ബംഗാൾ, ഉത്തർപ്രദേശ് തുടങ്ങിയ സ്ഥലങ്ങളിൽ പല സഭകളെ സ്ഥാപിച്ചു. ഇപ്പോൾ ഇദ്ദേഹത്തിന്റെ മകൻ ആയ പാസ്റ്റർ സന്തോഷ് അവർകൾ ഈ എല്ലാ സഭയുടേയും ചുമതല ഏറ്റെടുത്ത് **അമേരിക്കയിൽ ബിഷപ്പായി** അഭിഷേകം ചെയ്യപ്പെട്ടു. ഈ പ്രാവശ്യം എന്റെ പ്രസംഗത്തെ പാസ്റ്റർ പി.എം. തോമസ് അവർകളുടെ മകനായ ബിഷപ്പ് സന്തോഷ് അവർകളാണ് തർജ്ജമ ചെയ്തത്. ഇതേ സ്ഥലത്ത് ഇവർ ഇംഗ്ലീഷ് മെട്രിക്കുലേഷൻ സ്കൂളും നടത്തി കുട്ടികൾ വഴിയായി യേശുക്രിസ്തുവിനെ അറിയിക്കാൻ ദൈവം സഹായിച്ചുകൊണ്ടിരിക്കുന്നു. ബിഷപ്പ് സന്തോഷിന്റെ മകൻ പാസ്റ്റർ ആൻഡ്രൂ അവർകൾ ആരാധനയിൽ വർഷിപ്പ് ലീഡറായി പ്രവർത്തിക്കുന്നു.



Dr. Rev. Johnson George



Mrs. Grace Johnson

Dr. Rev. P.M. തോമസ് അവർകൾക്ക് ഒരു മകളും ഉണ്ട്. അവരുടെ പേര് **Mrs. ഗ്രേസ് ജോൺസൻ.** ഇവരുടെ ഭർത്താവ് Rev. ജോൺസൻ ജോർജ്ജ് അവർകൾ മദ്ധ്യകേരളാ ഡയോസിസ് സി.എസ്.ഐ ചർച്ചിന്റെ പട്ടക്കാരനായി പ്രവർത്തിച്ചു. അദ്ദേഹത്തിന്റെ ദൈവവേലയെക്കുറിച്ച് മുണ്ടക്കയം ഐക്യ കൺവെൻഷനിൽ (മാർത്തോമാ & സി.എസ്.ഐ) ഞാൻ പ്രസംഗിക്കാൻ പോയപ്പോൾ ജനങ്ങൾ പുകഴ്ത്തിപ്പറഞ്ഞത് കേട്ടു.



**Bishop Santhosh & Family**

## വചന വൈരാഗ്യത്തിൽ റവ. ജോൺസൻ ജോർജ്ജ്

ബിഷപ്പ് മാണി അവർകളുടെ കാലത്തിൽ ജോൺസൻ ജോർജ്ജ് അച്ചൻ മാനസാന്തരപ്പെട്ട് സ്നാനം എടുക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്തു. നമ്മുടെ സി.എസ്.ഐ സഭയിൽ അങ്ങനെ ഉള്ള സ്നാനം അനുവദിച്ചുകൂടെ എന്ന് ചോദിച്ചു. അപ്പോൾ മാണിത്തിരുമേനി അവർകൾ ഈ ഉപദേശചിന്ത അച്ചന്റെ ഉള്ളത്തിൽ ഇരുന്നാൽ മതി. അതിനെക്കുറിച്ച് എന്നോടോ മറ്റുള്ളവരോടോ പങ്കുവെക്കരുത് എന്ന് പറഞ്ഞു. ചില കാലങ്ങൾക്കുശേഷം കുഞ്ഞുങ്ങളെ സ്നാനപ്പെടുത്തുവാൻ സഭക്കാർ കുഞ്ഞുങ്ങളെ കയ്യിൽ ഏൽപ്പിക്കുമ്പോൾ എന്റെ മനസ്സിൽ ഒരു കുറ്റബോധം ഉണ്ടാകുന്നു. അതുകൊണ്ട് ഇത് ആവർത്തി

ക്കാതിരിക്കാൻ എന്റെ പട്ടക്കാരൻ ശുശ്രൂഷയെ രാജിവയ്ക്കുന്നു എന്ന് പറഞ്ഞ് രാജിക്കത്ത് ഏൽപ്പിച്ചു ബിഷപ്പ് അവർകൾ അച്ചനോട് അച്ചാ നിങ്ങളെപ്പോലുള്ള ആത്മീക അച്ചൻമാർ ഡയോസിസിന് വളരെ ആവശ്യമാണ്. അതുകൊണ്ട് രാജിക്കത്തിനെ ഞാൻ സ്വീകരിക്കുന്നില്ല എന്ന് പറഞ്ഞയച്ചു. എന്നാലും ഒരു ദിവസം നിർബന്ധിച്ചു രാജിക്കത്ത് ഏൽപ്പിച്ചു. തന്റെ ഭാര്യയായ Mrs. ഗ്രേസ് അവർകളോട് സാമൂഹ്യസേവനത്തിനും മിഷനറി പ്രവർത്തനത്തിനും തങ്ങളെ സമർപ്പിച്ചു. ഈ വിഷയങ്ങൾ ചില അച്ചന്മാർ പറഞ്ഞു ഞാൻ എഴുതുന്നു. റവ. ജോൺസൻ ജോർജ്ജ് അച്ചനെ ഞാൻ നേരിട്ടുകണ്ട് സംസാരിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ഭാര്യ Mrs. ഗ്രേസ് അവർകളെ എനിക്കു പരിചയമുണ്ട്. ഇപ്പോൾ ഭാര്യയും ഭർത്താവും മക്കളോടും വെസ്റ്റ്ബംഗാളിൽ സാമൂഹ്യസേവനത്തോടൊപ്പം മിഷനറി പ്രവർത്തനവും ആത്മാർത്ഥമായി ചെയ്തുകൊണ്ടിരിക്കുന്നു.

**ജാമക്കാരന്റെ കുറിപ്പ്** :

ഇങ്ങനെ Dr. Rev. P.M. തോമസ് അവർകളുടെ കുടുംബം മുഴുവനും മിഷനറി പ്രവർത്തനങ്ങളിലും സാമൂഹ്യസേവനത്തിലും ബന്ധപ്പെട്ടു ദൈവനാമമഹിമക്കുവേണ്ടി പ്രവർത്തിക്കുന്നത് വലിയ കൃപയാണ്. പാസ്റ്റർ P.M. തോമസ് അവർകളുടെ 90–ാമത്തെ വയസ്സിൽ ഓർമ്മ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഇങ്ങനെ ഉള്ള ദൈവവേലക്കാർക്ക് വേണ്ടിയും വേലക്കുവേണ്ടിയും നാം പ്രാർത്ഥിക്കാം.

P.M. തോമസ് അവർകൾ തന്റെ ജീവിതത്തിൽ പല ബുദ്ധിമുട്ടുകളും പല പ്രശ്നങ്ങളെ അഭിമുഖീകരിച്ചിട്ടുണ്ട്. ഹൃദയ ശസ്ത്രക്രിയ സമയം ദൈവം അദ്ദേഹത്തെ സൗഖ്യമാക്കി വീണ്ടും ദൈവവേലയിൽ ഉപയോഗിക്കുന്നു. അതിനിടയ്ക്ക് അദ്ദേഹം എഴുതിയ പല അനുഭവത്തോടെയുള്ള പാട്ടുകൾ ഇപ്പോഴും കേരളത്തിൽ പല സഭകളിൽ പാടിക്കൊണ്ടിരിക്കുന്നു. അതിൽ അഞ്ചു പാട്ടുകളുടെ ഒരു ചരണം മാത്രം നിങ്ങളുടെ ഓർമ്മക്കായി എഴുതുന്നു.

**പാട്ട് നമ്പർ 1** ക്രിസ്തീയ ജീവിതം സൗഭാഗ്യജീവിതം
കർത്താവിൻ കുഞ്ഞുങ്ങൾക്കാനന്ദദായകം
കഷ്ടങ്ങൾ വന്നാലും നഷ്ടങ്ങൾ വന്നാലും
ക്രിസ്തേശു നായകൻ കൂട്ടാളിയാണേ

**പാട്ട് നമ്പർ 2** കൊതിയുണ്ടധികം വേലയുണ്ടേറേ...

**പാട്ട് നമ്പർ 3** ക്രിസ്തുവിൻ യുവാക്കളെ

**പാട്ട് നമ്പർ 4** പാരിടപ്പമിതേ

**പാട്ട് നമ്പർ 5** എന്നെ വീണ്ടസ്നേഹം
കുരിശിലെ സ്നേഹം

ഈ പാട്ടുകളെല്ലാം 1950–ൽ ഇദ്ദേഹം ഹിന്ദുകോളേജിൽ (കോട്ടയം) പഠിച്ചുകൊണ്ടിരുന്നപ്പോൾ എഴുതിയ പാട്ടുകളാണ്. ഇങ്ങനെയുള്ള ആത്മീക ദൈവദാസന്മാർക്കായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു. നിങ്ങളും ദൈവത്തെ സ്തുതിക്കണം.

സാധാരണ ഇങ്ങനെയുള്ള ദൈവദാസൻമാർ മരിച്ചശേഷമാണ് ഇദ്ദേഹത്തിന്റെ ദൈവവേലയെക്കുറിച്ചും ജീവിതത്തെക്കുറിച്ചും പുകഴ്ത്തിപ്പറയുകയും എഴുതുകയും ചെയ്യുന്നത്.

പാസ്റ്റർ പി.എം. തോമസ് അവർകളുടെ 90–ാമത്തെ വയസ്സിൽ അദ്ദേഹം ജീവിക്കുമ്പോൾതന്നെ ഞാൻ നേരിട്ടു സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ തന്റെ പഴയ അനുഭവങ്ങളെല്ലാം എന്നോടു പങ്കുവെച്ച് സംസാരിച്ചത് കേൾക്കുവാൻ എനിക്കൊരവസരം കിട്ടി. അദ്ദേഹം ഉണ്ടാക്കിയ പാട്ടിന്റെ ഒരോരോ ചരണവും അദ്ദേഹം പാടി കേൾപ്പിച്ചു. പാടിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് എന്നെ നോക്കി താങ്കൾ ആരാണ് എവിടുന്നാണ് വന്നത് ഇങ്ങനെ പെട്ടെന്ന് ഓർമ്മശക്തി മാറുന്നു. വീണ്ടും പഴയ വിവരങ്ങൾ മറക്കുന്നു. അദ്ദേഹം പറഞ്ഞുനിർത്തിയ സ്ഥലത്ത് കൊണ്ടുവന്ന് ഞാൻ ഓർമ്മപ്പെടുത്തി ആ സമയത്ത് കലങ്ങിയ കണ്ണോടെ എന്റെ കൈയ്യെപ്പിടിച്ച് ഡോക്ടർ തെറ്റിദ്ധരിക്കരുത്. ഇങ്ങനെ ഞാൻ

മറന്നു മറന്നുകൊണ്ടുവരുന്നു. എനിക്ക് ഒരു ആഗ്രഹമേ ഉള്ളൂ. എന്റെ മരണ ക്കിടക്ക അടുത്തുവരാറായി. എന്റെ പഴയ സുഹൃത്തുക്കളെ ഞാൻ മറന്നാലും ഞാൻ ചെയ്ത ദൈവവേലകളെ മറന്നാലും അവസാന ശ്വാസത്തിൽ എന്റെ യേശു അപ്പച്ചനെ ഞാൻ മറക്കാൻ പാടില്ല. ഇതിനുവേണ്ടി ഡോക്ടർ പ്രാർത്ഥി ച്ചാൽ മതി. ഈ 90 വയസ്സിൽ ദൈവം എനിക്കു നടക്കാനുള്ള ചെറിയ ശക്തി തന്നിട്ടുണ്ട്. കഴിക്കാൻ ശക്തിയുള്ള പല്ലുകൾ തന്നിട്ടുണ്ട്. അതിനായി ഞാൻ ദൈവത്തെ സ്തുതിക്കുന്നു എന്ന് പറഞ്ഞു പ്രാർത്ഥിച്ച് എന്നെ അയച്ചു കാശ്മീരിൽ നിന്ന് സേലം വരെയുള്ള എന്റെ മടക്കയാത്രയിൽ പാസ്റ്റർ പി.എം. തോമസ് അവർകളേയും അദ്ദേഹത്തിന്റെ മിഷനറി പ്രവർത്തനങ്ങളെയും ആ വേല മുടങ്ങാതെ തുടർന്ന് ചെയ്തുകൊണ്ടിരിക്കുന്ന അദ്ദേഹത്തിന്റെ മക്കൾക്കു വേണ്ടിയും കൊച്ചുമക്കൾക്കുവേണ്ടിയും ദൈവത്തെ സ്തുതിച്ചു. ഇങ്ങനെ യുള്ള ദൈവവേലക്കാരെ നിസ്സാരകാര്യത്തിനുവേണ്ടി മാർത്തോമാസഭ മറക്കും സി.എസ്.ഐ സഭ മറക്കും പെന്തിക്കോസ്തു സഭകളും മറക്കും. യേശുക്രിസ്തു ഒരിക്കലും ഇങ്ങനെയുള്ള ദൈവവേലക്കാരെ മറക്കുന്നില്ല. എന്റെ 78 വയസ്സുവ രെയുള്ള അനുഭവത്തിൽ ഞാൻ കണ്ടുമുട്ടിയ യഥാർത്ഥ ദൈവവേലക്കാരിൽ ഒരാളാണ് Dr. Rev. P.M. തോമസ് അവർകൾ. ദൈവനാമം മഹത്വപ്പെടട്ടെ.

*Uthampur Mission House contact email :* **santhosh@kefm.org**

**BANK ACCOUNT NUMBERS:**

**Dr. M.G.E. PUSHPARAJ**

SALEM -636 005. INDIA

**STATE BANK OF INDIA** (SALEM-1970)

**A/C No: 10764116842**

SWIFT CODE - SBININBB637- 10764116842

IFSC CODE - IFSC SBIN0001970 -10764116842

**CANARA BANK - SALEM** (SURAMANGALAM BRANCH)

**A/C No: 1219101013622.**

SWIFT CODE - CNRB0001219 -1219101013622.

IFSC CODE - IFSC CNRB0001219- 1219101013622.

# My Times are in Thy Hand

"My times are in thy Hand,"
Whatever they may be,
Pleasing, or painful, dark or bright,
as best may seem to Thee.

"My times are in Thy Hand."
Why should I doubt or fear?
My Father's hand will never cause
His child a needless tear.

"My times are in Thy hand",
Jesus, the crucified !
The hand my cure sins had pierced,
is now my guard and guide.


JULY - 2019

Printed Book (Periodical)

RNI Reg. No. TNBIL/2016/70171

Annual Subscription:
India - Rs.60/
Foreign - Rs.600/



Return Requested:

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**



Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.